<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698**</u> <u>**10-02-2025 - ൽ മറുപടിയ്ക്ക്**</u>

<u>**സോളാർ വൈദ്യുത പദ്ധതി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സോളാർ വൈദ്യുത പദ്ധതി പ്രകാരം സംവിധാനമൊരുക്കുന്നതിനുള്ള മീറ്റർ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | ഉണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ LT സിംഗിൾ ഫേസ് സോളാർ നെറ്റ് മീറ്ററിനു കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഈ സമയം LT ത്രീ ഫേസ് സോളാർ നെറ്റ് മീറ്റർ ലഭ്യമായിരുന്നു. ഡിസംബർ മാസം അവസാനത്തോടെ 10,000 LT സിംഗിൾ ഫേസ് സോളാർ നെറ്റ് മീറ്ററും, 27,500 LT ത്രീ ഫേസ് സോളാർ നെറ്റ് മീറ്ററും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അടുത്ത വർഷത്തേക്കുള്ള ആവശ്യകത ലക്ഷ്യമിട്ട 93,000 LT സിംഗിൾ ഫേസ് സോളാർ നെറ്റ് മീറ്ററും, 45,500 LT ത്രീ ഫേസ് സോളാർ നെറ്റ് മീറ്ററും ലഭ്യമാക്കാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. മാത്രമല്ല, ഉപഭോക്താവിന് സ്വന്തം ചിലവിൽ നെറ്റ് മീറ്റർ വാങ്ങി സ്ഥാപിക്കാവുന്നതാണ്. അത്തരം ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക ഈടാക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ